# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ദേവസ്വം കമ്മീഷണർ ഓഫീസ്,

നമ്പർ. Roc. 20154/15/ശബ. തിരുവനന്തപുരം, 24/10/2015

**<u>സർക്കുലർ</u>**

വിഷയം : തിരുവിതാംകൂർ ദേവസ്വം ബോർഡിലെ മുഴുവൻ ജീവനക്കാർക്കും നൽകിവരുന്ന ആർ.എഫ്.ഐ.ഡി സംവിധാനമുള്ള തിരിച്ചറിയൽ കാർഡ് ശബരിമലയിൽ പരമാവധി പ്രയോജനപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന : ദേവസ്വം ബോർഡിന്റെ 21/10/2015 ലെ ആർ.ഒ.സി 3992/2011/ഇ.ഡി.പി നമ്പർ ഉത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ മുഴുവൻ ജീവനക്കാർക്കും ആർ. എഫ്. ഐ. ഡി സംവിധാനമുള്ള തിരിച്ചറിയൽ കാർഡു നൽകുന്ന നടപടി തുടർന്നു വരികയാണ്. ദേവസ്വം ബോർഡ് കോമ്പൗണ്ടിലും മറ്റ് അഞ്ചു ഗ്രൂപ്പുകളിലും ആയത് പൂർത്തിയായിട്ടുണ്ട്. കൊല്ലവർഷം 1191 ലെ ശബരിമല മണ്ഡലം മകരവിളക്ക് തിരുവുത്സവ കാലയളവിൽ ശബരിമല, പമ്പ, നിലക്കൽ എന്നിവിടങ്ങളിൽ ഡ്യൂട്ടിക്കെത്തുന്ന ദേവസ്വം ബോർഡ് ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡ് പരമാവധി പ്രയോജനപ്പെടുത്തുന്നതിന് നിർദ്ദേശിച്ച് സൂചന പ്രകാരം ബോർഡുത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് പ്രാവർത്തികമാക്കുന്നതിനും തിരിച്ചറിയൽ കാർഡ് ലഭിച്ചിട്ടില്ലാത്ത ഗ്രൂപ്പുകളിൽ നിന്നും സ്പെഷ്യൽ ഡ്യൂട്ടിക്കു വരുന്ന ദേവസ്വം ബോർഡ് ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡ് ലഭിക്കുന്നതിനും ചുവടെ വിവരിക്കുന്ന നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് സർക്കുലർ പുറപ്പെടുവിക്കുന്നു.

1. ശബരിമല മണ്ഡലം മകരവിളക്ക് സീസൺ ആരംഭിക്കുന്നതുവരെ തിരിച്ചറിയൽ കാർഡു വിതരണം പൂർത്തിയായിട്ടില്ലാത്ത ഗ്രൂപ്പുകളിൽ നിന്ന് സ്പെഷ്യൽ ഡ്യൂട്ടിക്കെത്തുന്ന ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡു ലഭ്യമാക്കുന്നതിന് പമ്പയിൽ സൗകര്യമേർപ്പെടുത്തുന്നതാണ്. അപ്രകാരം പമ്പയിൽ നിന്നും തിരിച്ചറിയൽ കാർഡു ലഭിക്കുന്നതിന് ദേവസ്വം ബോർഡിൽ നിന്നും 17/04/2015 ൽ പുറപ്പെടുവിച്ചിട്ടുള്ള ആർ.ഒ.സി 3992/2011/എസ്റ്റാ-1/ഇ.ഡി.പി നമ്പർ സർക്കുലറിനൊപ്പം ചേർത്തിരുന്ന നിശ്ചിത ഫോറം പൂരിപ്പിച്ച് ബന്ധപ്പെട്ട മേലധികാരിയുടെ സാക്ഷ്യപ്പെടുത്തലോടു കൂടി ജീവനക്കാർ വരേണ്ടതാണ്.

2. തിരിച്ചറിയൽ കാർഡ് ലഭിച്ചിട്ടില്ലാത്ത ജീവനക്കാരെ ശബരിമല സ്പെഷ്യൽ ഡ്യൂട്ടിക്കായി റിലീവ് ചെയ്തു വിടുന്ന സമയം അവർ ടി തിരിച്ചറിയൽ കാർഡിനുള്ള ഫോറം ഒപ്പിടുവിച്ച് വാങ്ങിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട മേലധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്.

3. ശബരിമല സ്പെഷ്യൽ ഡ്യൂട്ടിയിൽ പ്രവേശിക്കുന്ന മുഴുവൻ ദേവസ്വം, മരാമത്ത് ജീവനക്കാരും അവരവരുടെ തിരിച്ചറിയൽ കാർഡുകൾ സന്നിധാനത്തുള്ള വിജിലൻസ് വിഭാഗത്തിന്റെ നിയന്ത്രണത്തിലുള്ള ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റത്തിൽ ഡ്യൂട്ടി പോയിന്റ് അടക്കം എൻട്രോൾ ചെയ്യേണ്ടതാണ്.

4. ജീവനക്കാരുടെ ഡ്യൂട്ടി പോയിന്റുകൾ മാറുമ്പോൾ പ്രസ്തുത വിവരം പ്രത്യേകം ഷീറ്റിൽ രേഖപ്പെടുത്തി ഇതേ പഞ്ചിംഗ് സിസ്റ്റത്തിൽ മാറ്റം രേഖപ്പെടുത്തേണ്ടതാണ്.

5. ശബരിമല സന്നിധാനത്തു മാത്രമേ ഇപ്പോൾ പഞ്ചിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടുള്ളു. പമ്പ, നിലക്കൽ എന്നിവിടങ്ങളിലുള്ള സ്പെഷ്യൽ ഡ്യൂട്ടിക്കാർ ഡ്യൂട്ടി പോയിന്റു മാത്രം കമ്പ്യൂട്ടറിൽ രേഖപ്പെടുത്തിയാൽ മതിയാകുന്നതാണ്. ടി സ്ഥലങ്ങളിലെ അറ്റൻഡൻസ് അതാതു സ്ഥലങ്ങളിലെ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നിരുന്നാലും എല്ലാ ജീവനക്കാരും തിരിച്ചറിയൽ കാർഡുകൾ നിർബന്ധമായും ധരിച്ചിരിക്കേണ്ടതാണ്.

6. സന്നിധാനത്ത് ദിവസേന ഓരോ ഡ്യൂട്ടി പോയിന്റിലെയും ഹാജർ നില പഞ്ചിംഗ് സിസ്റ്റത്തിൽ നിന്നും ലഭിക്കുന്ന ഹാജർ ഷീറ്റു കരസ്ഥമാക്കി അതാതു ഡ്യൂട്ടി പോയിന്റിലെ മേധാവികൾ ഫിസിക്കൽ പരിശോധന നടത്തി ശരിയാണന്നു ബോദ്ധ്യപ്പെട്ട് സാക്ഷ്യപ്പെടുത്തി എക്സിക്യൂട്ടീവ് ഓഫീസിലേക്കു നൽകേണ്ടതാണ്. സിസ്റ്റത്തിൽ നിന്നും ലഭിക്കുന്ന ഷീറ്റും ഫിസിക്കൽ ഹാജർ നിലയും തമ്മിൽ എന്തെങ്കിലും വ്യത്യാസം കണ്ടെത്തിയാൽ ആവിവരം ഷീറ്റിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി നൽകേണ്ടതും ആവിവരം കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നതിന് ഒരു പകർപ്പ് തിരികെ പഞ്ചിംഗ് വിഭാഗത്തിലേക്ക് നൽകേണ്ടതുമാണ്.

7. സ്പെഷ്യൽ ഡ്യൂട്ടി കഴിഞ്ഞ് തിരികെ പോകുന്ന ജീവനക്കാർക്ക് പഞ്ചിംഗ് സിസ്റ്റത്തിലെ അറ്റൻഡൻസ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ സ്പെഷ്യൽ ഡ്യൂട്ടി അലവൻസ് നൽകാൻ പാടുള്ളൂ.

8. പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടേണ്ടതാണ്. ഇക്കാര്യത്തിൽ എന്തെങ്കിലും വീഴ്ച വരുത്തുന്നവർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

ദേവസ്വം കമ്മീഷണർ

പകർപ്പ്

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ്&സെക്യൂരിറ്റി)
3. തിരുവാഭരണം കമ്മീഷണർ, ആറന്മുള
4. ചീഫ് എഞ്ചിനീയർ (ജനറൽ)
5. ചീഫ് എഞ്ചിനീയർ
6. ഫൈനാൻസ് &അക്കൗണ്ട്സ് ഓഫീസർ
7. ദേവസ്വം അക്കൗണ്ട്സ് ഓഫീസർ
8. എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല
9. ഡയറക്ടർ , സാംസ്കാരിക വിഭാഗം
10. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
    തിരുവനന്തപുരം/പത്തനംതിട്ട/ഹരിപ്പാട്/വൈക്കം
11. അസിസ്റ്റന്റ് ആഡിറ്റ് ഓഫീസർ
    കൊട്ടാരക്കര/തിരുവല്ല/ ആലുവ
12. അസിസ്റ്റന്റ് ദേവസ്വം അക്കൗണ്ട്സ് ഓഫീസർ
    തിരുവനന്തപുരം/അമ്പലപ്പുഴ/വൈക്കം
13. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ,
    നെയ്യാറ്റിൻകര, തിരുവനന്തപുരം, ഉള്ളൂർ, വർക്കല, കൊല്ലം
    പുനലൂർ, കൊട്ടാരക്കര, തിരുവല്ല, മുണ്ടക്കയം, ആറന്മുള
    കരുനാഗപ്പള്ളി, അമ്പലപ്പുഴ, ചങ്ങനാശ്ശേരി, മാവേലിക്കര, ഹരിപ്പാട്
    കോട്ടയം, ഏറ്റുമാനൂർ, വൈക്കം, പറവൂർ, തൃക്കാരിയൂർ
14. വിജിലൻസ് ഓഫീസർ
    മാവേലിക്കര/വൈക്കം
15. ഇ.ഡി.പി സെക്ഷൻ
16. സെക്ഷൻ ഫയൽ
17. ഫെയർ ഓഫീസ് കോപ്പി.